കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് - ചുഴലിക്കാറ്റിൽ വീട് തകർന്ന ഭിന്നശേഷിക്കാരനായ ശ്രീ. നമ്പംകുന്നത്ത് അബ്ദുറഹിമാന് വീട് നിർമ്മാണത്തിന് ലൈഫ് മാനദണ്ഡങ്ങൾ പ്രകാരമുള്ള തുക അനുവദിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 325/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 03/02/2018.

---

വായന:- 1. സ.ഉ(സാധ) നം. 3875/2017/തസ്വഭവ തീയതി, 30.11.2017

2. ശ്രീ. അബ്ദുൽ ഹമീദ് എം.എൽ.എയുടെ 14/12/2014 ലെ കത്ത്

3. പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 05/12/2017 ലെ എ 2 - 5682/17 നമ്പർ കത്തും 28.11.2017 ലെ 16(1) നമ്പർ ഭരണസമിതി തീരുമാനവും.

ഉത്തരവ്

പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ഭിന്നശേഷിക്കാരനായ ശ്രീ. നമ്പംകുന്നത്ത് അബ്ദുറഹിമാൻ, കുമണ്ണ, വലിയ പറമ്പ്, ഒളകര (പി.ഒ) എന്നയാളുടെ വീട് അതിശക്തമായ ചുഴലിക്കാറ്റിൽ പൂർണ്ണമായും തകർന്ന് പോയതിനാൽ ടിയാനും കുടുംബവും പൂർണ്ണമായും ഭവനരഹിതരാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വകുപ്പിൽ നിന്നും ടിയാന് ഭവനനിർമ്മാണ ആനുകൂല്യം നൽകാൻ അനുമതി നൽകുന്നതിന് പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാൽ ഇതു സംബന്ധിച്ച പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ വായന(3) കത്തിലെ ആവശ്യം പരിശോധിച്ച് അനുകൂല തീരുമാനമുണ്ടാകണമെന്ന് വായന (2) പ്രകാരം ശ്രീ. അബ്ദുൽ ഹമീദ് എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിൽ ചുഴലിക്കാറ്റിൽ വീട് തകർന്ന ഭിന്നശേഷിക്കാരനായ ശ്രീ. നമ്പംകുന്നത്ത് അബ്ദുറഹിമാൻ എന്നയാളിന് ഒരു പ്രത്യേക കേസായി പരിഗണിച്ച് വായന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണത്തിന് ലൈഫ് മാനദണ്ഡപ്രകാരം 4 ലക്ഷം രൂപ പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

ശ്രീ. അബ്ദുൽ ഹമീദ് എം.എൽ.എ (ആമുഖ കത്തു സഹിതം)

ശ്രീ. നമ്പംകുന്നത്ത് അബ്ദുറഹിമാൻ, വലിയ പറമ്പ്, ഒളകര പി.ഒ.

സെക്രട്ടറി/പ്രസിഡന്റ്, പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ